**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5235** **02-11-2021 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് ഓട്ടോകൾ വാങ്ങുന്നവർക്ക് പലിശ സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രിക് ഓട്ടോകൾ വാങ്ങുന്നവർക്ക് പലിശ സബ്സിഡി അനുവദിക്കുന്നുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (എ) | ഇലക്ട്രിക് ഓട്ടോകൾ വാങ്ങുന്നവർക്ക് പലിശ സബ്സിഡി നിലവിൽ നൽകുന്നില്ല. എന്നാൽ ഇലക്ട്രിക് ഓട്ടോ വാങ്ങുന്നവർക്ക് സബ്സിഡി നൽകിവരുന്നുണ്ട്. സബ്സിഡി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. 1. വാഹനത്തിന്റെ വിലയുടെ 25 ശതമാനമോ 30,000/- രൂപയോ, ഇതിൽ കുറവ് ഏതാണോ അതാണ് സബ്സിഡിയായി ഇ-ഓട്ടോകൾക്ക് നൽകിവരുന്നത്. 2. 10,000 ഇ-ഓട്ടോ ഉടമകൾക്കാണ് സബ്സിഡി നൽകുന്നത്. ഇതിൽ 5000 പേർ സ്ത്രീകളായിരിക്കണം. 3. 18 വയസ്സിന് മേൽ പ്രായമായവർക്ക് സബ്സിഡിയ്ക്കായി അപേക്ഷിയ്ക്കാം. 4. അപേക്ഷകർ കേരളത്തിൽ സ്ഥിര താമസക്കാരായിരിക്കണം. 5. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 3 ലക്ഷത്തിനുമേൽ ആകാൻ പാടില്ല. 6. ഒരാൾക്ക് ഒരു ഇ-ഓട്ടോയ്ക്ക് മാത്രമേ സബ്സിഡിക്ക് അപേക്ഷിക്കാൻ അനുവാദമുള്ളൂ. 7.സബ്സിഡി ലഭിച്ച ഉടമകൾ രണ്ട് വർഷത്തേക്ക് വാഹനത്തിന്റെ ഉടമസ്ഥാവകാശം കൈമാറാൻ പാടില്ല. രണ്ട് വർഷത്തിനകത്ത് ഉടമസ്ഥാവകാശം കൈമാറിയാൽ വാഹന ഉടമ സബ്സിഡി തുക പൂർണ്ണമായും സർക്കാരിന് തിരിച്ചടയ്ക്കേണ്ടതാണ്. 8. ഇ-ഓട്ടോയുടെ ഉടമസ്ഥാവകാശം അപേക്ഷകന്റെ പേരിൽ തന്നെയായിരിക്കണം. |

സെക്ഷൻ ഓഫീസർ